(ബി) എങ്കിൽ അതിന്റെ ഭാഗമായി ഇതിനകം എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സെന്ററിനു് എത്ര പുതിയ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 27-10-1995-ലെ ജി. ഒ. (ആർറ്റി) 3904/95/എച്ച്. ഡി. ഉത്തരവ് പ്രകാരം പി. എച്ച്. സി. കുഴൽമന്ദത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുണ്ട്.

(ബി) 15-1-1996-ലെ ജി. ഒ. (ആർറ്റി) 110/96/എച്ച്. ഡി. ഉത്തരവ് പ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആവശ്യം വേണ്ടുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 15-1-1996-ലെ ജി. ഒ. (ആർറ്റി) 110/96/എച്ച്. ഡി. ഉത്തരവ് പ്രകാരം നാല് മെഡിക്കൽ ആഫീസർമാരുടെയും, അഞ്ച് സ്റ്റാഫ് നഴ്സുമാരുടെയും, നഴ്സിംഗ് അസിസ്റ്റന്റ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ ഓരോന്നു വീതവും രണ്ട് ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2-ന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇവയിൽ നാല് മെഡിക്കൽ ആഫീസർ, രണ്ട് സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. മറ്റ് തസ്തികകളിൽ നിയമനം നടത്താൻ പി. എസ്. സി. ലിസ്റ്റ് ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ നടപടി സ്വീകരിച്ചുവരുന്നു.

ഒറ്റപ്പാലം താലൂക്ക് ആശുപത്രിക്ക് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്

133 [1312] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ 1996-97 വർഷത്തിൽ ഈ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly